**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാ പെൻഷൻ - ഡേറ്റാ എൻട്രി നടത്തുന്നതിലേക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ വെബ്ബ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറുന്നതിനുള്ള സമയ പരിധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ — ബി ) വകുപ്പ്**

സ.ഉ.(സാധാ) നം. 8934 /2017/ധന. തീയതി 29/11/2017 . തിരുവനന്തപുരം,

---

പരാമർശം - സ ഉ(സാധാ) നം 8722/2017/ധന തിയതി 20/11/2017

ഡേറ്റാ ബേസിൽ ഉൾപ്പെട്ടുകയും എന്നാൽ സാക്ഷ്യ പത്രത്തിലെ പിശക്, ബാങ്ക് അക്കൗണ്ടിലെ പിശക്, പ്രാദേശിക സർക്കാരിലെ സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്യാത്തത്, മേൽ വിലാസത്തിലെ വ്യത്യാസം, വരുമാനത്തിലെ വ്യത്യാസം തുടങ്ങിയവ നിമിത്തം പെൻഷൻ ലഭിക്കാത്തവർക്ക് ഡേറ്റാബേസിൽ തിരുത്തലുകൾ വരുത്തുന്നതിനും സാമൂഹ്യ സുരക്ഷാ പെൻഷൻ വെബ്ബ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറുന്നതിന്റെ ഭാഗമായി പുതിയ സോഫ്റ്റ് വെയർ പ്രാവർത്തികമാക്കുന്നതിലേക്കും സമയ ക്രമവും മാർഗ്ഗനിർദ്ദേശങ്ങളും പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ അനുവദനീയമായ സമയ പരിധിക്കുള്ളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടില്ല എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെൻഷൻ ഐ ഡി നമ്പർ ലഭിക്കുകയും എന്നാൽ ഡേറ്റാ ബേസിലെ പിശകുകൾ കാരണം പെൻഷൻ ലഭിക്കാതിരിക്കുകയും ചെയ്തവരുടെ കാര്യത്തിൽ ഡേറ്റാ ബേസിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിലേക്കും പെൻഷൻ സംവിധാനം പുതിയ വെബ്ബ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറുന്നതിനുമുള്ള സമയ പരിധി താഴെ പറയും പ്രകാരം പുന:ക്രമീകരിച്ചുകൊണ്ട് ഉത്തരവാകുന്നു:

(i) സത്യ പ്രസ്താവന അപ് ലോഡ് ചെയ്യുക , ഖണ്ഡിക 1 പ്രകാരമുള്ള തിരുത്തലുകൾ നടത്തുക എന്നിവ ചെയ്യേണ്ടത്- 2017 നവംബർ 30 വരെ

ii) പ്രാദേശിക സർക്കാരുകളുടെ സേവന സോഫ്റ്റ് വെയറിൽ നിലവിലുള്ള പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഐ.കെ.എമ്മിലേക്ക് സമന്വയിപ്പിക്കേണ്ടത് - 2017 നവംബർ 30 വരെ

(ii) പ്രാദേശിക സർക്കാരുകളിൽ നിന്ന് ലഭിച്ച ഡേറ്റ ഐ.കെ.എം വെബ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റേണ്ടത് - 2017 ഡിസംബർ 3 വരെ.

(iii) 2017 ഡിസംബർ മാസം വിതരണം ചെയ്യേണ്ട പെൻഷൻ ശുപാർശ ഡി.ബി.ടി സെൽ സർക്കാരിന് സമർപ്പിക്കേണ്ടത് - 2017 ഡിസംബർ 5

3) പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രദീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉത്തരവിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്.
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉത്തരവിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ